**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 288 — 23.01.2018 ൽ മറുപടിക്ക്

## ആമച്ചൽ പി.എച്ച്.സി.

| ചോദ്യം<br><br>ശ്രീ.ഐ.ബി. സതീഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാട്ടാക്കട മണ്ഡലത്തിലെ ആമച്ചൽ പി.എച്ച്.സി. യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തന്നെ തിരുവനന്തപുരം ജില്ലയിലെ ആമച്ചൽ പി.എച്ച്.സി.യെ കുടുംബാരാഗ്യ കേന്ദ്രമായി ഉയർത്തുകയും ടി സ്ഥാപനത്തിലേക്ക് ഒരു ഡോക്ടറുടെയും, രണ്ട് സ്റ്റാഫ് നഴ്സിന്റെയും, ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുമുണ്ട്. ഈ സ്ഥാപനത്തിലെ പ്രൈമറി വെയിറ്റിംഗ് ഏരിയായുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി രോഗികൾക്ക് ഇരിക്കാനുള്ള കസേരകളും കൂടാതെ കുടുംബാരോഗ്യ കേന്ദ്രമെന്ന നിലയിൽ ആരോഗ്യ ബോധവൽക്കരണത്തിനായി ടി.വി.യും ആശുപത്രിയിൽ എത്തിച്ചിട്ടുണ്ട്. |
| (ബി) | നബാർഡിന്റെ സഹായത്തോടെ ഇവിടെ നിർമ്മിയ്ക്കുന്ന കെട്ടിടത്തിന്റെ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്ന് പൂർത്തീകരിയ്ക്കാനാകും എന്ന് വ്യക്തമാക്കാമോ? | (ബി) | നബാർഡും ജില്ലാ പഞ്ചായത്തും സഹകരിച്ച് നിർമ്മിക്കുന്ന രണ്ട് കോടിയുടെ പുതിയ കെട്ടിടത്തിന്റെ സിവിൽവർക്ക് ഒരു കോടി തൊണ്ണൂറ് ലക്ഷത്തി അൻപതിനായിരം രൂപ ചിലവഴിച്ച് പൂർത്തിയായി. ഇലക്ട്രിക്കൽ വർക്ക് 12.5% എന്ന നിരക്കിൽ വേണ്ടത് 25 ലക്ഷം രൂപ ആണ്. ബാക്കി തുകയായ 9.5 ലക്ഷം രൂപയ്ക്ക് ഒരു നില ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനായി ടെൻഡർ നടപടികൾ പൂർത്തിയായി. |

| | | | |
|---|---|---|---|
| | | | ഒരു നിലയുടെ ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തിയാക്കി കാട്ടാക്കട ഗ്രാമപഞ്ചായത്തിന് കെട്ടിടം കൈമാറുന്ന മുറയ്ക്ക് ലോകബാങ്ക് ധനസഹായത്തോടെ രണ്ടാം നിലയും ഇലക്ട്രിഫിക്കേഷൻ ചെയ്യുമെന്നാണ് പഞ്ചായത്ത് അറിയിച്ചിരിക്കുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ടി സ്ഥാപനം ഫെബ്രുവരി മാസം ഉദ്ഘാടനം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ